بسم الله الرحمن الرحيم

# EID-UL-ADHA Sermon / വലിയ പെരുന്നാൾ ഖുത്തുബ 05.10.2014

(10 DHUL HIJJA 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും ഈദ് മുബാറക്കിനും ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദും, തഅവ്വുദും, സൂറഃഅൽഫാത്തിഹായ്ക്കും ശേഷം വിശുദ്ധ ഖുർആനിലെ മൂന്നാം അദ്ധ്യായം 96-ാം വചനം ഓതിയ ശേഷം പറഞ്ഞു.

**"പറയുക : അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു. അതിനാൽ ദൈവ മാർഗ്ഗത്തിൽ ഉറച്ചുനിന്നവനായ ഇബ്രാഹീമിന്റെ മതത്തെ നിങ്ങൾ പിൻതുടരുക. അദ്ദേഹം ബഹുദൈവ വിശ്വാസികളിൽ പെട്ടവനായിരുന്നില്ല." (3:96)**

ഇന്നത്തെ ഈ ഈദ് പ്രസംഗത്തിലൂടെ, ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗവും ഹസ്രത് ഇബ്രാഹീം (അ) കാണിച്ച ത്യാഗത്തെയും സമർപ്പണത്തെയും കുറിച്ച് കൂടുതലായി ചിന്തിക്കുമെന്ന് കരുതുന്നു. അതുപോലെ അല്ലാഹു (ത) എങ്ങനെയാണ് അദ്ദേഹത്തിന്റെ ത്യാഗത്തെ സ്വീകരിച്ചതെന്നും അതിന് അല്ലാഹു (ത) എന്ത് പ്രതിഫലമാണ് നൽകിയതെന്നും ചിന്തിക്കേണ്ടതാണ്. അതുപോലെ ഓരോ സ്ത്രീയും, ഹസ്രത് ഹാജറ (റ) പ്രകടിപ്പിച്ച പ്രത്യേക നിലയിലുള്ള സമർപ്പണത്തെക്കുറിച്ചും ചിന്തിക്കുകയും, ചെയ്യേണ്ടതാണ്. ഇതെല്ലാം അല്ലാഹുവിന് വേണ്ടി മാത്രമുള്ളതായിരുന്നു. അതുകൊണ്ടു തന്നെ അല്ലാഹു അവരെ അവഗണിച്ചതുമില്ല. അവരുടെ ത്യാഗത്തിന്റെ മധുര ഫലങ്ങൾ അവർക്ക് അൽപ്പവും നഷ്ടമായില്ല. ഹസ്രത് ഇസ്മായീൽ (അ) കാണിച്ച സമ്പൂർണ്ണ സമർപ്പണത്തെക്കുറിച്ച് കുട്ടികളും ഗാഢമായി ചിന്തിക്കേണ്ടതാണ്. അല്ലാഹു (ത) ഹസ്രത് ഇസ്മായീൽ (അ) നെ എക്കാലത്തേക്കും എങ്ങനെയാണ് ബഹുമാനിച്ചിരിക്കുന്നതെന്നും ആലോചിക്കേണ്ടതാണ്. ആയതിനാൽ, ആത്മാർത്ഥമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിക്കുന്ന ത്യാഗങ്ങൾ ഒരിക്കലും നിഷ്ഫലമായി തീരുന്നതല്ല. ഇന്ന് നിങ്ങൾ അർപ്പിക്കുന്ന കുറുബാനീ, നിങ്ങൾ മനസ്സിലാക്കണം ! അല്ലാഹു (ത) അതിന്റെ രക്തത്തിലേക്കോ മാംസത്തിലേക്കോ അല്ലാ നോക്കുന്നത്, നിങ്ങൾ അർപ്പിക്കുന്ന ത്യാഗത്തിന്റെ ഗുണനിലവാരമാണ് അവൻ പരിശോധിക്കുന്നത് ; അതിനവൻ നോക്കുന്നത് നിങ്ങളുടെ ഹൃദയത്തിലേക്കാണ് ; അതിലുള്ള ഉദ്ദേശ്യ ശുദ്ധി , അതിലുള്ള ആത്മാർത്ഥത എങ്ങനെയുണ്ടെന്ന്. അത്രമാത്രം.

ആയതിനാൽ ത്യാഗത്തിന്റെ യഥാർത്ഥ സത്ത ഉൾക്കൊള്ളുവാൻ നിങ്ങളെയും എന്നെയും അല്ലാഹു (ത) പ്രാപ്തമാക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. നമ്മൾ സമർപ്പിക്കുന്ന ത്യാഗം നമ്മളിൽ നിന്ന് അല്ലാഹു സ്വീകരിക്കട്ടെ ! സൂറ ഫാത്തിഹായ്ക്കു ശേഷം ഞാൻ ഓതിയ വചനത്തിൽ നിങ്ങൾ കേട്ടതുപോലെ, അദ്ധ്യായം 3, വചനം 96 ൽ അല്ലാഹു (ത) പറയുന്നു. **"പറയുക : അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു. അതിനാൽ ദൈവ മാർഗ്ഗത്തിൽ ഉറച്ചുനിന്നവനായ ഇബ്രാഹീമിന്റെ മതത്തെ നിങ്ങൾ പിൻതുടരുക. അദ്ദേഹം ബഹുദൈവ വിശ്വാസികളിൽ പെട്ടവനായിരുന്നില്ല." (3:96)**

ഹസ്രത് ഇബ്രാഹീം (അ) ന്റെ അടിസ്ഥാന ഗുണവിശേഷം അദ്ദേഹം ഹനീഫ് ആയിരുന്നുവെന്നതാണ്. ഹനീഫ് എന്നാൽ ദൈവവഴിയിൽ ഉറച്ചു നിൽക്കുന്നവൻ / വക്രത ഇല്ലാത്തവൻ എന്നൊക്കെയാണർത്ഥം. അല്ലാഹുവിന്റെ മുമ്പിലല്ലാതെ അദ്ദേഹത്തിന്റെ ശിരസ്സ് കുനിച്ചിട്ടില്ല. ആയതുകൊണ്ട് എപ്പോഴെങ്കിലും ഒരു തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ, അതിന്റെ യാഥാർത്ഥ്യം നിലകൊള്ളുന്നത് അല്ലാഹുവിൽ മാത്രമാണ് ; കാരണം അദ്ദേഹം പരിപൂർണ്ണമായും അല്ലാഹുവിന് വഴിപ്പെട്ടവൻ മാത്രമായിരുന്നു ! അദ്ദേഹം അല്ലാഹുവിനെ മാത്രമെ ആരാധിച്ചിട്ടുള്ളൂ. അല്ലാഹു അല്ലാത്ത ഒന്നിലേക്കും ഒരൽപ്പവും ചാഞ്ഞിട്ടില്ല. ആയതിനാൽ അദ്ദേഹത്തിന്റെ പ്രധാന ഗുണം ഇബ്രാഹീം എന്ന വ്യക്തി ഹനീഫ് ആയിരുന്നുവെന്നതാണ്.

ഇബ്രാഹീമിന്റെ സ്ഥലത്തെ ഒരു ആരാധനാ സ്ഥലമാക്കി മാറ്റുക എന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അതായത് ഒരു മുസല്ലയാക്കി മാറ്റുക. പദാനുപദ വിവർത്തനം ഇതാകുന്നു. ജനങ്ങൾ തെറ്റായ നിലയിൽ മനസ്സിലാക്കിയിരിക്കുന്നു. അതായത് ആ സ്ഥലത്ത് മാത്രമേ പ്രാർത്ഥിക്കാവൂ / നമസ്ക്കരിക്കാവൂ എന്ന് വിശ്വസിക്കുന്നു ; അതിന്റെ മുകളിൽ (മക്കയിൽ) ഒരടയാളം എന്ന നിലയിൽ രണ്ട് കാൽപാദങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ കാൽ പാദങ്ങൾ ഇബ്രാഹീം (അ) ന്റെ കാൽ പാദങ്ങളാകാൻ ഒരു സാധ്യതയുമില്ല ! കാരണം ഒന്ന് അദ്ദേഹം വളരെ പൊക്കമുള്ള ആളായിരുന്നു. (ഗാംഭീര്യദ്യോതകമായ രൂപമുള്ള ആളായിരുന്നു.) രണ്ടാമത്തെ കാരണം ! ഒരു കല്ലിന്റെ മുകളിൽ നിങ്ങൾ ആ നില

യിൽ നിന്നാൽ അത്തരത്തിൽ നിങ്ങളുടെ കാൽപാദ അടയാളങ്ങൾ ഉണ്ടാകുവാൻ സാധ്യമല്ല. അതുകൊണ്ട് തന്നെ ഇത് അംഗീകരിക്കാവതല്ല.

ഈ പറയപ്പെട്ട സ്ഥലത്തിന്റെ സത്യാവസ്ഥ ; ഹസ്രത് ഇബ്രാഹീം (അ) ആ സ്ഥലത്തെ ആരാധന നടത്തുവാനുള്ള ഒരു സ്ഥലമാക്കി മാറ്റി എന്നുള്ളതാണ്. ആ സ്ഥലം നിങ്ങളുടെ ആത്മീയ പദവിയുടെ സ്ഥാനമാക്കി മാറ്റുക എന്നതാണ് അതുകൊണ്ട് അർത്ഥമാക്കേണ്ടത്. അല്ലാഹു (ത) പറഞ്ഞത് മക്കാം എന്നാണ്. മക്കാം എന്നു പറഞ്ഞാൽ പദവി എന്നാണ്. മക്കാം എന്ന വാക്കിന് പദവി / നില / അവസ്ഥ / ദശ എന്നൊക്കെയാണ് അർത്ഥം. മുക്കാം എന്നല്ല പറഞ്ഞത്. മുക്കാം എന്ന് പറഞ്ഞാൽ സ്ഥലം എന്നർത്ഥം.

ആയതിനാൽ ഇബ്രാഹീം (അ) ന്റെ മാതൃക പിൻതുടരുക. നമസ്ക്കാരത്തിൽ അദ്ദേഹം നേടിയ പദവി നിങ്ങളുടെ നമസ്ക്കാരത്തിൽ നിങ്ങൾ ആർജ്ജിക്കുവാൻ ശ്രമിക്കുക. ഹസ്രത് ഇബ്രാഹീം (അ) ന് ലഭിച്ച സ്ഥാനം അതായിരുന്നു. അല്ലാഹു (ത) മായി അദ്ദേഹം സ്ഥാപിച്ച സുദൃഢ ബന്ധത്തിലൂടെയാണ് അദ്ദേഹത്തിന് ആ സ്ഥാനം ലഭ്യമായത്. അല്ലാഹുമായുള്ള ദൃഢ ബന്ധത്തിലൂടെ അദ്ദേഹത്തിന് മഹാ ക്ഷമ കരസ്ഥമായി. ദു ആ കൂടാതെ ഈ ദൃഢത, മഹാ ക്ഷമ അദ്ദേഹത്തിന് ലഭിക്കുമായിരുന്നില്ല എന്ന് നാം മനസ്സിലാക്കണം.

അങ്ങേയറ്റത്തെ ക്ഷമയും, ദൃഢതയും പ്രകടമാക്കിയ ഒരാളായിരുന്നു പ്രവാചക പ്രഭുവായ മുഹമ്മദ് (സ). പ്രാർത്ഥനയിലൂടെ അദ്ദേഹം അല്ലാഹുവിന്റെ സഹായം അന്വേഷിച്ചു കൊണ്ടേയിരുന്നു. സന്മാർഗ്ഗ ദർശനം, നേർപാത, അദ്ദേഹം എപ്പോഴും ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ഇതിന് റൂഷ്ദ് എന്നാണ് പറയുന്നത്. റൂഷ്ദ് എന്നാൽ നല്ലതും ചീത്തയും തിരിച്ചറിയുവാനുള്ള വിവേചന ശക്തിയാകുന്നു. മുഹമ്മദ് (സ) യേക്കാൾ പരിശുദ്ധമായ ഹൃദയം മറ്റൊരാൾക്കും ലഭിച്ചിട്ടില്ല. ഭൂമിയിൽ അദ്ദേഹത്തെക്കാൾ സത്യവാനായ മറ്റൊരു വ്യക്തിയും ഉണ്ടായിട്ടുമില്ല. ആയതിനാൽ, ഈ രീതിയിൽ നമുക്ക് പറയുവാൻ കഴിയും. അതായത് ഏറ്റവും ശരിയായ വാക്ക് പറയുന്നവൻ അല്ലാഹുവാകുന്നു എന്ന്. ഏറ്റവും പരിശുദ്ധമായ വാക്കും അവന്റേതു തന്നെ. ! നല്ലതും ചീത്തയും തിരിച്ചറിയുവാനുള്ള കഴിവും പ്രദാനം ചെയ്യുന്നത് അവനാണ്. ഈ പറഞ്ഞ കാര്യങ്ങളൊക്കെ നേടുവാൻ അവനല്ലാതെ മറ്റൊരു വഴിയുമില്ല. !

ഹസ്രത് ഇബ്രാഹീം (അ) അത്ഭുതകരമായ നിലയിൽ അല്ലാഹുമായി ബന്ധം സ്ഥാപിക്കുകയുണ്ടായി. ഇപ്രകാരം ബന്ധം സ്ഥാപിച്ച ശേഷം അല്ലാഹു (ത) അദ്ദേഹത്തിന് - ഖലീലുല്ലാഹ് - എന്നു പേരുവച്ചു. അതായത് അല്ലാഹുവിന്റെ സുഹൃത്ത്. അതായത് അല്ലാഹു അദ്ദേഹവുമായി സൗഹൃദത്തിലായി. അങ്ങനെ മക്കാമെ ഇബ്രാഹീം എന്ന പദവിയിലെത്തിച്ചു. ഏറ്റവും മഹത്തായ ധാർമ്മിക ഗുണം. അതായത് അല്ലാഹുവിനെ സന്തോഷിപ്പിക്കുന്നതിന് ഒരാൾക്ക് എത്താവുന്ന മഹത്തായ സ്ഥാനം. അല്ലാഹു സ്നേഹിക്കുന്ന, അല്ലാഹു അന്വേഷിക്കുന്ന, അല്ലാഹുമായി ബന്ധം സ്ഥാപിക്കുന്നതുമായുള്ള ഏറ്റവും നല്ല ഗുണഗണങ്ങൾ ! ആയതിനാൽ ഹസ്രത് ഇബ്രാഹീം (അ) അല്ലാഹുമായി സ്ഥാപിച്ച അതേ ബന്ധം, നിങ്ങളും അല്ലാഹുമായി സ്ഥാപിക്കണം.

ഈ രീതിയിലായിരുന്നു ഹസ്രത് ഇബ്രാഹീം (അ) ന് അല്ലാഹുവിനോടുള്ള സ്നേഹവും അല്ലാഹുവിനോടുള്ള സന്തോഷവും, അല്ലാഹുവിനോടുള്ള കൂറും. അദ്ദേഹത്തിന്റെ ഉള്ളിൽ അല്ലാഹുവിനോടുള്ള സ്നേഹം, അല്ലാഹുവിന് വേണ്ടിയുള്ള സമ്പൂർണ്ണ സമർപ്പണം, അല്ലാഹുവിന്റെ സന്തോഷവും ഇബ്രാഹീം (അ) ന്റെ ആത്മാർത്ഥതയും അവിടെ ഒന്നായി തീരുന്നു. ഈ ഒരു പദവിയാണ് ഹസ്രത് മുഹമ്മദ് (സ) യുടെ ഉമ്മത്തിന് ഹസ്രത് ഇബ്രാഹീം നബീം (അ) ൽ നിന്നും അധ്യാപനമായും, അനന്തരാവകാശമായും ലഭിച്ചിട്ടുള്ളത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ ഹസ്രത് മുഹമ്മദ് (സ) യുടെ ഉമ്മത്തിന് ഹസ്രത് ഇബ്രാഹീം (അ) യുടെ പദവി പ്രകൃതിപരമായി ലഭിച്ചിട്ടുള്ളതാകുന്നു. ഇത് ഇബ്രാഹീം (അ) ൽ നിന്നും അനന്തരാവകാശമായി ലഭിച്ച സ്വത്താകുന്നു. ഇബ്രാഹീം (അ) യുടെ ഒരു അനുയായി, തന്റെ പദവി, ഇബ്രാഹീം (അ) യുടെ പദവി പോലെ തന്നെയാണ് എന്നറിയണം. ആ അനുയായികളുടെ ഹൃദയം ഹസ്രത് ഇബ്രാഹീം (അ) യുടെ ഹൃദയം പോലെ ആയിരിക്കണം. ആ വ്യക്തിക്കും ഹസ്രത് ഇബ്രാഹീം (അ) ന് ലഭിച്ച സമാധാനം ലഭിക്കണം. ആ വ്യക്തിയിൽ ഉണ്ടായിവരേണ്ടതാണ്, പ്രത്യേകിച്ച് അയാൾ ഹസ്രത് ഇബ്രാഹീം (അ) യുടെ ഹൃദയത്തിന്റെ വഴി പിന്തുടരുമ്പോൾ (ആ സമാധാനം അവിടെയും ഇറങ്ങേണ്ടതാണ്) **''റാളിയത്തൻ മറ്ളിയ്യ''** എന്ന തത്തുല്യപദവിയിൽ എത്തേണ്ടതാണ്. അതായത് ആ വ്യക്തി തന്റെ രക്ഷിതാവിൽ സംതൃപ്തിയുള്ളവനായി തീരുക ; അതുപോലെ അല്ലാഹു ആ വ്യക്തിയിൽ സന്തുഷ്ടനായിരിക്കുക.

ഒരാൾ മനസ്സിലാക്കിയിരിക്കണം, അല്ലാഹുവിനോട് തികച്ചും ആത്മാർത്ഥത പുലർത്താതെ, ഹൃദയംഗമമായി പരിശുദ്ധിയാർജ്ജിക്കാതെ, ആ പദവിയിൽ എത്തിച്ചേരുവാൻ സാധിക്കുകയില്ല എന്നതാണ് വാസ്തവം. ഇബ്രാഹീം (അ) നെ സംബന്ധിച്ച്, അദ്ദേഹത്തിന് അല്ലാഹുമായുള്ള ബന്ധം അല്ലാഹു അദ്ദേഹത്തിന് ശഹാദത്ത് (രക്ത സാക്ഷിത്വപദവി) നൽകുകയുണ്ടായി. അതായത് ഇബ്രാഹീം (അ) എല്ലാവിധ ആത്മാർത്ഥതയും പ്രകടിപ്പിക്കുകയുണ്ടായി; അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി തന്റെ പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിക്കുകയുണ്ടായി. അതുപോലെ നിങ്ങ

ളും, നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുവാനുളള കഴിവ് ആർജ്ജിക്കുകയും അല്ലാഹു അല്ലാത്ത എല്ലാം ഹൃദയങ്ങളിൽ നിന്ന് നീക്കം ചെയ്യുകയും (അല്ലാഹു അല്ലാത്തതും അല്ലാഹുവിന് വേണ്ടിയല്ലാത്തതും) എന്നിട്ട് ഹൃദയം നിറയെ അവന്റെ സ്നേഹത്താൽ നിറയ്ക്കുകയും എന്നിട്ട് അല്ലാഹുവിന്റെ ഇംഗിതത്തിന് സമർപ്പിക്കുകയും ചെയ്യുക - അതായത് ഒരു സമ്പൂർണ്ണ സമർപ്പണം - അതുപോലെ അല്ലാഹുവിന്റെ ഇച്ഛ എന്താണോ അത് നിങ്ങളുടെ ഇച്ഛയായി മാറുന്ന തരത്തിലുളള സമർപ്പണം. അപ്പോൾ അവിടെ ഒരേയൊരു ഇച്ഛ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഒന്ന് മറ്റൊന്നിൽ നിന്ന് വ്യത്യാസമില്ലാത്ത അവസ്ഥ. ഈ അവസ്ഥ നേടുവാൻ ദു ആ യിലൂടെ മാത്രമേ സാധിക്കുകയുള്ളൂ.

ഈ കാര്യങ്ങളൊക്കെ നേടുക എന്നത് അത്ര എളുപ്പമുളള കാര്യമല്ല. നേടുവാൻ ആഗ്രഹിക്കുന്നവൻ അല്ലാഹുവിനോട് കൂടുതലായി ദു ആ ചെയ്യണം. ആ ദു ആ ആത്മാർത്ഥതയോടെയായിരിക്കണം. ഉറച്ച വിശ്വാസം ഉണ്ടായിരിക്കണം. ദു ആ യ്ക്ക് ഉത്തരം കിട്ടുമെന്ന് ദൃഢത ഉണ്ടായിരിക്കണം. പ്രാർത്ഥനകൾക്ക് അൽപാൽപ്പമായി അവന് ഉത്തരം കിട്ടികൊണ്ടിരിക്കും. ഹസ്രത് ഇബ്രാഹീം (അ) സഹനതയുടെയും ക്ഷമയുടെയും അവസ്ഥയിലൂടെയാണ് കടന്നു പോയത്. വിശ്വാസ ദാർഢ്യതയിലൂടെ മുന്നേറുമ്പോൾ അദ്ദേഹം തന്റെ സ്വപ്നത്തിലൂടെ കാണുകയാണ്, തന്റെ ഒരേ ഒരു പുത്രനുളളതിനെ ബലി അർപ്പിക്കുവാൻ. ആ സ്വപ്നത്തിന് അദ്ദേഹത്തിന് വേണമെങ്കിൽ മറ്റു വ്യാഖ്യാനങ്ങൾ നല്കാമായിരുന്നു. എന്നാൽ അദ്ദേഹം അങ്ങനെ ചെയ്തില്ല. കാരണം അദ്ദേഹത്തിന് അത്രത്തോളം ഈമാൻ ഉണ്ടായിരുന്നു; അല്ലാഹുവിൽ അദ്ദേഹത്തിന് അത്രത്തോളം ഉറപ്പുണ്ടായിരുന്നു. അല്ലാഹു എന്ത് കൽപ്പിക്കുന്നുവോ അത് ചെയ്യുവാൻ അദ്ദേഹം തയ്യാറായിരുന്നു. അങ്ങനെ അദ്ദേഹം തന്റെ പുത്രനെ ബലിയർപ്പിക്കുവാൻ തന്നെ തീരുമാനിച്ചു മുമ്പോട്ടു പോയി. അതും സ്വന്തം കയ്യാൽ തന്നെ !

ഇതിനെ സംബന്ധിച്ച് ഒന്ന് ചിന്തിച്ചു നോക്കുക ! അസുഖം ബാധിച്ച് ഒരാളുടെ കുട്ടി മരണപ്പെടുകയാണെങ്കിൽ, അല്ലാഹുവിനെ അവൻ സംശയ ദൃഷ്ടിയോടെ വീക്ഷിക്കുന്നു. അല്ലാഹുവിന്റെ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുന്നു. അല്ലാഹുവിനെതിരിൽ ആയിരക്കണക്കിന് പരാതികൾ, പരിഭവങ്ങൾ ഉയർത്തി വിടുകയായി. ഇതാണ് ഇവിടെ സംഭവിക്കുന്നത്. എന്നാൽ അതാ ! ഒരു ഇബ്രാഹീം (അ) തന്റെ പുത്രനോടുളള പിതൃ സ്നേഹത്തെ തച്ചുടച്ചു, ആ സ്നേഹ നിധിയായ പുത്രനെ ബലിയർപ്പിക്കുവാൻ തയ്യാറാവുന്നു. ഇത്തരത്തിലുളള ആളുകളുടെ നല്ല പ്രവർത്തനങ്ങളെ നിശ്ചയമായും അല്ലാഹു പാഴാക്കുകയില്ല. അവരുടെ ത്യാഗങ്ങൾ / പ്രവർത്തനങ്ങൾ നഷ്ടപ്പെടുത്തി കളയുകയുമില്ല. ഹസ്രത് ഇബ്രാഹീം (അ) ന് ധാരാളം വെളിപാടുകൾ ലഭിച്ചുകൊണ്ടിരുന്നു. അല്ലാഹു (ത) വിശുദ്ധി ഖുർ ആനിൽ പറയുന്നു. അല്ലാഹു ഇബ്രാഹീം (അ) നെ നിയോഗിച്ചത് ഒരു ഗ്രന്ഥവുമായിട്ടാണ്. ; അതിൽ വെളിപാടുകളും കല്പനകളും അടങ്ങിയിരുന്നു.

ഉദാഹരണത്തിന് അല്ലാഹു ഖുർ ആനിൽ തറപ്പിച്ചു പറയുന്നു. **"കരാർ പൂർത്തിയാക്കിയ ഇബ്രാഹീമിന്റെയും"** (53:38) **"അദ്ദേഹത്തെ നാം വിളിച്ചു പറഞ്ഞു: ഓ ഇബ്രാഹീം, തീർച്ചയായും നീ സ്വപ്നത്തെ സാക്ഷാൽകരിച്ചുകഴിഞ്ഞിരിക്കുന്നു. ഇപ്രകാരം തന്നെയാണ് സുകൃതവാന്മാർക്ക് നാം പ്രതിഫലം നൽകുക"** (37:105 – 106)

ഇത് ഇബ്രാഹീം (അ) ന് വെളിപ്പെട്ട വചനങ്ങളാണ്. ഒരു വ്യക്തി തന്റെ കഠിന യത്നത്തിലൂടെ നേടേണ്ട പദവിയാണിത്. ഇത് നേടുന്നില്ലെങ്കിൽ, സ്വപ്നത്തിനും ദർശനത്തിനും വെളിപാടുകൾക്കും എന്ത് പ്രയോജനമാണുളളത് ? ഒരു വിശ്വാസിയുടെ ദർശനം എപ്പോഴും നല്ലകാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയാണ്. ഹസ്രത് ഇബ്രാഹീം (അ) ന് (കരാർ പൂർത്തിയാക്കിയ ഇബ്രാഹീം) എന്ന സ്ഥാനം നിസാരമായി ലഭിച്ചതല്ല. എന്ന് മനസ്സിലാക്കണം. തന്റെ ജീവിതത്തിലുടനീളം അദ്ദേഹം ഭക്തിവിശ്വാസത്തോടെയും ആത്മാർത്ഥതയോടെയും നിലകൊണ്ടു. അതിന്റെ ഫലമായിട്ടാണ് അദ്ദേഹത്തിന് ഈ പദവി നൽകി അനുഗ്രഹിച്ചത് !

ദൈവീക അനുഗ്രഹങ്ങളും നേട്ടങ്ങളും ലഭിക്കുന്നതിന്, ഹൃദയ ശുദ്ധി അനിവാര്യമാണ്. അത് വളരെ പ്രധാനവുമാണ്. നിങ്ങളുടെ ഹൃദയങ്ങൾ ശുദ്ധീകരിക്കാത്തടത്തോളം കാലം നിങ്ങൾക്ക് ഒന്നും ലഭിക്കുന്നതല്ല. അല്ലാഹു (ത) നിങ്ങളുടെ ഹൃദയത്തിലേക്ക് നോക്കുമ്പോൾ, നിങ്ങളുടെ ഹൃദയ കോണുകളിലെവിടെയും ഒരു കറുത്ത പാടോ, കപടതയുടെ അംശമോ ഒന്നും തന്നെ കാണരുത്. അത്തരം ഒരു അവസ്ഥ നിങ്ങൾ സൃഷ്ടിച്ചാൽ (അല്ലാഹു നിങ്ങളുടെ ഹൃദയം ശുദ്ധമാണെന്ന് കണ്ടാൽ) അപ്പോൾ നിങ്ങൾക്ക് ദൈവീക ദൃഷ്ടാന്തം ലഭിക്കുന്നതാണ്. എല്ലാ കാര്യങ്ങളും നിങ്ങൾക്ക് വ്യക്തമാവുകയും ചെയ്യും.

ഈ വിഷയത്തിൽ, ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാവർക്കും മുന്നറിയിപ്പു നൽകേണ്ടതായിട്ടുണ്ട്. അതായത് ഇത് ഒരു പ്രയാസമേറിയ ജോലിയാണ്. ഇതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ, അനേകം ആളുകളുടെ ധൈര്യം ദൈവീക ദൃഷ്ടാന്ത പാതയിൽ ചോർന്നു പോകുന്നതാണ്. വീണ്ടും വീണ്ടും ത്യാഗങ്ങൾ ചെയ്യേണ്ടി വരും. ഒരു അവസ്ഥയിൽ നിന്നും മറ്റൊരു അവസ്ഥയിലേക്ക് മാറുന്നതിന്. അല്ലാഹു അല്ലാത്ത എല്ലാത്തിൽ നിന്നും നിങ്ങളുടെ ഹൃദയങ്ങൾ മുക്തമാകേണ്ടതാണ് - അതാണ് ഒരവസ്ഥ - (അതായത് ഈസ/ റാം/

ശിവ/ പീർ/ വലിയ്യ് (ചില മുസ്‌ലീംകൾക്ക് ) ഖലീഫത്തുൽ മസീഹ് (അഹ്മദികൾക്ക്) ഹൃദയങ്ങളിൽ നിന്ന് ഇതെല്ലാം മാറേണ്ടതാണ് ! ഹൃദയത്തിൽ അല്ലാഹു മാത്രമേ ഉണ്ടായിരിക്കാവൂ. അതായത് ഓരോ വ്യക്തിയും തന്റെ ഹൃദയത്തിലേക്ക് നോക്കുകയാണെങ്കിൽ ഹൃദയ കോണുകളിൽ അവർക്ക് അനേകം അല്ലാഹു അല്ലാത്തവരെ കാണാവുന്നതാണ്. ആയതിനാൽ, ഇതിൽ ഒരുവൻ ഭയവിഹ്വലനായി തീരേണ്ട കാര്യമില്ല. എന്നാൽ ഈ ദുർഘട പാതയിൽ നിന്നും ഓടി രക്ഷപ്പെടുവാൻ ശ്രമിക്കുക. ഇല്ല ! പരിഹാരം ഒന്നേയുള്ളൂ ! അല്ലാഹുവിനോട് ധാരാളമായി ദു ആ ചെയ്യുക. ആരുടെ ഹൃദയങ്ങളിലാണ് വിഗ്രഹങ്ങൾ ഉള്ളതെന്ന് അല്ലാഹു ഏറ്റവും നന്നായി അറിയുന്നവനാണ്. ആ വിഗ്രഹങ്ങളെ നീക്കം ചെയ്യുവാൻ അവൻ കഴിവുറ്റവനാണ്. ; അവന്റെ ഇച്ഛയാൽ !

ഹസ്രത് ഇബ്രാഹീം (അ) നെ പോലെ, ആ നിലവാരത്തിലുള്ള ആത്മാർത്ഥതയും വ്യക്തതയും നിങ്ങൾക്കും ആവശ്യമാണ്. ആത്മാർത്ഥതയിൽ നിങ്ങൾ അദ്ദേഹത്തെ അനുകരിക്കുക ! ഹസ്രത് മുഹമ്മദ് (സ) യുടെ മാതൃക പിൻപറ്റുക. ഒരുവൻ ആ മാതൃക പിൻതുടരുമ്പോൾ, അവൻ അനുഗ്രഹീത വ്യക്തിയായി മാറാം. അവനെ ഭൗതീക അപമാനമൊന്നും ബാധിക്കുകയില്ല. അവന്റെ ആഹാരത്തിന് ഒരു പ്രശ്നവും ഒരു പ്രയാസവും അനുഭവപ്പെടുകയില്ല. അല്ലാഹു (ത) അവന്റെ അനുഗ്രഹത്തിന്റെ വാതിലുകൾ അവന് വേണ്ടി തുറക്കുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അനന്തരാവകാശിയായി മാറുന്നതാണ്. അല്ലാഹു (ത) എല്ലാത്തരം താല്ക്കാലിക അപമാനങ്ങളിൽ നിന്നും അവനെ കാത്തു സൂക്ഷിക്കുന്നതാണ്. അല്ലാഹു (ത) അവനെ ഫലദായകമായ ഒരവസ്ഥ പ്രദാനം ചെയ്യുന്നതാണ് ! കാരണം അവന്റെ കൂറും നല്ല പ്രവർത്തനവും അല്ലാഹു കണക്കിലെടുക്കുന്നു.

അതുപോലെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സാമ്പത്തിക ത്യാഗം അനുഷ്ഠിക്കുമ്പോൾ, അതിലും സുവാർത്തകൾ ഉണ്ടാകുന്നതാണ്. എല്ലാ പ്രയാസങ്ങളിൽ നിന്നും അല്ലാഹു നിങ്ങളെ മുക്തമാക്കുന്നതാണ്. അത്തരത്തിലുള്ളവർക്ക് അല്ലാഹു (ത) ഏറ്റവും നല്ല പ്രതിഫലം ഇഹലോകത്തും നാളെ പരലോകത്തും നൽകുന്നതാണ്. ഇൻശാ അല്ലാഹ് !

അല്ലാഹു (ത) നമ്മെ മഹാ സത്യവാന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തുമാറാകട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ.
**ഈദ് മുബാറക്ക് !**

__Translated & Issued By__
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************